# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 2

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും,*
*പള്ളികൈക്കാരും, ജനങ്ങളും കൂടി  കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,
ജീവനുള്ളതും ജീവൻ നൽകുന്നതുമായ ദൈവത്തിന്റെ വചനം വേദപുസ്തകത്തിലൂടെ വരമൊഴിയായി നമുക്ക് നൽകിയ ദൈവത്തെ സ്തുതിക്കുകയും ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്ന ദിനമാണല്ലോ വേദപുസ്തകഞായർ. നമ്മുടെ സഭ ഈ സംവത്സരം വേദപുസ്തകഞായറായി ആചരിക്കുന്ന ഡിസംബർ 6–  ന് ആരാധനാമധ്യേ ബൈബിൾ സൊസൈറ്റിക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും സ്തോത്രക്കാഴ്ചയിൽ ഉദാരപൂർവ്വം സഹകരിക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

ഓക്സിലിയറി അധ്യക്ഷനും ദേശീയ നിർവ്വാഹക സമിതി അംഗവുമായി മഹനീയ നേതൃത്വം നൽകിയ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ധന്യജീവിതത്തെ നന്ദിയോടെ സ്മരിക്കുന്നു. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ ദേശീയ കൗൺസിൽ അംഗമായി നേതൃത്വം നൽകുന്നു.

ദൈവവചനം ഏവർക്കും ലഭ്യമാക്കുന്നതിലൂടെ ദൈവരാജ്യദൗത്യത്തിൽ സഭകളെ ശുശ്രൂഷിക്കുന്നതിനുള്ള നിയോഗമാണ് ബൈബിൾ സൊസൈറ്റി നിർവ്വഹിക്കുന്നത്. വേദപുസ്തകപരിഭാഷ, പ്രസാധനം, വിതരണം, ഇടപെടൽ എന്നിവയിലൂടെ വിവിധ ഭാഷാ സമൂഹങ്ങൾക്ക് അവരവരുടെ മാതൃഭാഷയിൽ ദൈവവചനം ലഭ്യമാക്കുവാൻ ബൈബിൾ സൊസൈറ്റി പരിശ്രമിക്കുന്നു. വേദപുസ്തകപഠനത്തിന് സഹായകരമായ രീതിയിൽ കൺകോർഡൻസ്, റഫറൻസ്, പഠന, ഡിജിറ്റൽ പതിപ്പുകൾ, ഓഡിയോ ബൈബിൾ എന്നിവ വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നു. വ്യത്യസ്ത വിശ്വാസപാരമ്പര്യങ്ങളിലുള്ള സഭകളെ ദൈവവചനത്തിന്റെ ശുശ്രൂഷയിൽ ഒരുമിപ്പിക്കുന്ന അനുഗ്രഹീതദൗത്യവും ബൈബിൾ സൊസൈറ്റി നിറവേറ്റുന്നു.

ഭാരതത്തിലെ 1652 ഭാഷകളിൽ ബൈബിൾ സൊസൈറ്റിയുടെ ചുമതലയിൽ ഇതുവരെ 200–ൽ അധികം ഭാഷകളിൽ ദൈവവചനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ 81 പരിഭാഷാ പദ്ധതികൾ പുരോഗമിക്കുന്നു. ഇക്കഴിഞ്ഞ വർഷം 1,15,952 ബൈബിളുകൾ ഉൾപ്പെടെ 16,16,837 തിരുവചന ഭാഗങ്ങൾ കേരളത്തിൽ വിതരണം ചെയ്യുവാൻ ബൈബിൾ സൊസൈറ്റിക്ക് സാധിച്ചു. അതോടൊപ്പം, കോവിഡ് പ്രതിസന്ധിയിലാക്കിയ ഭവനങ്ങൾക്ക് കരുതൽ നൽകുവാനും  ഇടയായി. ബൈബിൾ സൊസൈറ്റി പ്രവർത്തനങ്ങൾക്കും  വിഭവ സമാഹണത്തിനും  കോവിഡ്–19 വലിയ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ദൈവജനത്തിന്റെ പ്രാർത്ഥനാ പൂർവമായ സഹകരണത്തിലൂടെ മാത്രമേ  ഈ കാലഘട്ടത്തെ അതിജീവിക്കുവാൻ സാധിക്കുകയുള്ളൂ. സങ്കീർണ്ണതകളുടെ മധ്യത്തിൽ പ്രതീക്ഷയും അതിജീവനവും  നീതിനിഷ്ഠമായ സമൂഹനിർമ്മിതിയും സാധ്യമാക്കുവാൻ ദൈവവചനം നമുക്ക് കരുത്ത് നൽകുന്നു.

ഭാരതത്തിലെ 17 ഓക്സിലറികളിലൂടെ നിർവഹിക്കപ്പെടുന്ന ബൈബിൾ സൊസൈറ്റി പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിന്റെ പ്രതിസന്ധികളെ അതിജീവിച്ച് അഭംഗുരം തുടരുവാൻ ഏവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും ഔദാര്യപൂർവ്വമായ സമർപ്പണവും അത്യന്താപേക്ഷിതമാണ്. വേദപുസ്തകഞായർ സ്തോത്ര കാഴ്ച ഇടവക ചുമതലക്കാർ  സഭാ ഓഫീസിൽ ഏൽപ്പിക്കണം. ബൈബിൾ സൊസൈറ്റി ശാഖകളുടെ പ്രവർത്തനത്തിലും വിഭവസമാഹരണത്തിലും നമ്മുടെ പട്ടക്കാരും ഇടവക ജനങ്ങളും സജീവമായി പങ്കുചേരുവാൻ ഉദ്ബോധിപ്പിക്കുന്നു.  പ്രത്യാശയും സൗഖ്യവും രൂപാന്തരവും നൽകുന്ന  ദൈവവചനം സ്വീകരിക്കുന്നതിലൂടെയും മറ്റുള്ളവർക്ക് പങ്കിടുന്നതിലൂടെയും ദൈവിക ദൗത്യത്തിൽ നമുക്കു പങ്കുചേരാം.

‘‘ഇതാ, ഞാൻ രോഗശാന്തിയും ആരോഗ്യവും വരുത്തി അവരെ സൗഖ്യമാക്കുകയും സമാധാനത്തിന്റെയും സത്യത്തിന്റെയും സമൃദ്ധി അവർക്കു വെളിപ്പെടുത്തുകയും ചെയ്യും.’’(യിരെമ്യാവ് 33:6) എന്ന ദൈവവചനം നമ്മെ ശക്തീകരിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2020 നവംബർ 27–ാം തീയതി,

**ഡോ. തിയഡോഷ്യസ്  മാർത്തോമ്മാ മെത്രാപ്പോലീത്താ**

To hear the Kalpana, Scan the code ➔